CEE/3600/KEAM-2021/TA2

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ,**
**തിരുവനന്തപുരം-695001.**

## പത്രക്കുറിപ്പ്

**കീം 2021- റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾ**
**ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം**

2021-22 അദ്ധ്യയന വർഷം സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ബി.ഫാം കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ളവർക്ക് തുക ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള നടപടിക്രമം ആരംഭിച്ചു. റീഫണ്ട് ലഭിക്കുവാനുള്ള അർഹത കീം പ്രോസ്പെക്ടസ് ക്ലോസ് 12.2.2 വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും. പ്രോസ്പെക്ടസ് ക്ലോസ് 12.2.3 പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥികൾ റീഫണ്ട് ലഭിക്കുന്നതിന് അർഹരല്ല.

1. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ബി.ഫാം കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അവസാന ഘട്ട അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നേടാത്തവർ.
2. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ബി.ഫാം കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അവസാന ഘട്ട അലോട്ട്മെന്റ് നടപടികൾ പൂർത്തിയാക്കിയശേഷം വിടുതൽ വാങ്ങിയ വിദ്യാർത്ഥികൾ.

റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM 2021-Candidate Portal'** എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **'Submit Bank Account Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **21.01.2022 മുതൽ 25.01.2022 വൈകിട്ട് 4.00 മണി** വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തി **'Submit'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. തുടർന്ന് **'Print Bank Details'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈനായി നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങുന്ന ഒരു സ്ലിപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഈ പ്രിന്റൗട്ട് വിദ്യാർത്ഥികൾ ഭാവി ആവശ്യത്തിനായി സൂക്ഷിക്കേണ്ടതാണ്.വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ടിന് അർഹതയുണ്ടെങ്കിൽ തുക ലഭ്യമാക്കുന്നതാണ്. അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്ന സമയക്രമം പിന്നീട് അറിയിക്കുന്നതാണ്.

**കുറിപ്പ്:** വിദ്യാർത്ഥി നൽകുന്ന ബാങ്ക് അക്കൗണ്ട് വിദ്യാർത്ഥികയുടേയോ രക്ഷിതാവിന്റേയോ പേരിലുള്ളതായിരിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പ് വരുത്തേണ്ടതാണ്. എൻ.ആർ.ഐ അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്നതല്ല. വിവരങ്ങൾ തെറ്റായി നൽകുന്നതുമൂലം റീഫണ്ട് തുക ലഭിക്കാതിരുന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.01.21 14:49:12 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**21/01/2022**